മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇതിനുവേണ്ട നടപടികളൊക്കെ നേരത്തേ എടുത്തിട്ടുണ്ട്. ഈ ഗവൺമെൻറ് വന്നതിനുശേഷം 1983–84–ലാണ് ആദ്യമായി പണം അനുവദിച്ചത്. 50 ലക്ഷം രൂപ കൊടുത്തത് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഏതായാലും കൂടുതൽ പണം ചെലവഴിക്കാനും, വ്യാപകമാക്കുവാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) നെയ്യാറിൻകര ജോയിൻറ് ആർ. ടി. ഒ. ഓഫീസ്

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നെയ്യാറിൻകരയിൽ ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ജോയിൻറ് ആർ. ടി. ഒ. ഓഫീസ് ഈ അടുത്തകാലത്ത് മാറിക്കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചതായി എനിക്ക് അറിയാൻ കഴിഞ്ഞു. കേരളത്തിലെ രണ്ട് താലൂക്കുകളിൽ മാത്രമാണ് ഒന്നിൽ കൂടുതൽ ജോയിൻറ് ആർ. ടി. ഒ. ഓഫീസുകൾ പ്രവർത്തിക്കുന്നുള്ളൂ. ഇതിനു മുൻപുള്ള ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയും മുൻപുള്ള ധനകാര്യ വകുപ്പു മന്ത്രിയും കൂടി യോജിച്ച് അവർക്ക് രണ്ടുപേർക്കും കൂടി സൗകര്യപ്രദമായി ഓരോ ഓഫീസുകൾ കൊണ്ടു വന്നതാണ് ഇതിനു കാരണം. ഏതാണ്ട് മൂവായിരത്തോളം വാഹനമുടമകൾക്കും പതിനായിരത്തോളം ഡ്രൈവിംഗ് ലൈസൻസികൾക്കും പ്രയോജനമുള്ളതാണ് നെയ്യാറിൻകര കേന്ദ്രമായി പ്രവർത്തിക്കുന്ന ആഫീസ്. മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അദ്ദേഹത്തിൻറെ ഹൃദയം സൂക്ഷിപ്പുകാരൻറെ സൗകര്യത്തിന് വേണ്ടി 200–ൽ താഴെമാത്രം വാഹനമുടമകളുടെയും അതുപോലെ മുന്നൂറോളം ലൈസൻസികളുടെയും ആവശ്യത്തിലേക്കുവേണ്ടി കൊണ്ടു പോകുന്നതിൽ ഞങ്ങൾക്കാർക്കും എതിരില്ല. പതിനായിരക്കണക്കിന് വരുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. മന്ത്രിയുടെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. ജനങ്ങളുടെ ശവത്തിൻറെ പുറത്ത് ചവിട്ടി ഓഫീസ് മാറേണ്ടിവരും. അതിന് ഇടവരുത്തരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): ഒരു താലൂക്കിൽ ഒരു ജോയിൻറ് ആർ. ടി. ഒ. ഓഫീസെന്നുള്ള നിലയിലാണ് ഗവൺമെൻറ് നയപരമായി തീരുമാനിച്ചിട്ടുള്ളത്. അതിൻറെ അടിസ്ഥാനത്തിൽ ഒന്നിലധികം ജോയിൻറ് ആർ. ടി. ഒ. ഓഫീസുകളുള്ള താലൂക്കുകളിൽനിന്ന് ഓരോ ഓഫീസ് മാറ്റുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല.

(6) എറിയാട് പഞ്ചായത്തിലെ നെഹ്റു ബ്രിഡ്ജ്/ൻറെ പണി

ശ്രീ. വി. കെ. രാജൻ: ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന എറിയാട് പഞ്ചായത്തിലെ ജനാബ് മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ്ബിൻറെ നാമധേയത്തിലുള്ള റോഡിൽ കൗൺസിൽ കടവെന്നു പറയുന്ന പുഴയോരമുണ്ട്. അവിടെ നെഹ്റു ബ്രിഡ്ജ് എന്ന ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി വർഷങ്ങൾക്കു മുൻപ് എസ്റ്റിമേറെടുത്ത് അതിൻറെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടാണ്. ആദ്യം അത് ഫിഷറീസ് ഡിപ്പാർട്ടുമെൻറിലാണെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ നടപടിയുമായി മുന്നോട്ടു പോയി. എന്നാൽ ഇപ്പോഴും എല്ലാം ശരിയായി. പേപ്പറെല്ലാം ശരിയായി പൊതുമരാമത്തു വകുപ്പിൽ ഇരിക്കുകയാണ്. അതിന് അടിയന്തിരമായി അംഗീകാരം കൊടുത്ത് അതിന്റെ പണി ആരംഭിക്കണം. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളും തിങ്ങി താമസിക്കുന്ന ഒരു പ്രദേശമാണത്. അതിനാവശ്യമായ പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അടിയന്തിരമായി അതിന്റെ പണി ആരംഭിക്കണം.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): അതിനാവശ്യമായ പണി ഇക്കൊല്ലം തന്നെ ഏറ്റെടുത്ത് നടത്തുന്നതാണ്.

(7) കശുവണ്ടിയുടെ വില

ശ്രീ. കെ. സി. ജോസഫ്: കശുവണ്ടിയുടെ സീസൺ ആരംഭിച്ചതോടുകൂടി കശുവണ്ടി കർഷകരുടെ മനസ്സിൽ വളരെ ആശങ്ക ഉണ്ടായിരിക്കുകയാണ്. അന്തർദേശീയ മാർക്കറ്റിൽ കശുവണ്ടിയ്ക്കുള്ള വർദ്ധിച്ച വിലയുടെ ആനുകൂല്യം പൂർണ്ണമായും കർഷകർക്ക് കിട്ടത്തക്കവണ്ണം ഒരു സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തണം. സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കശുവണ്ടിക്ക് ഒരോ കൊല്ലവും മെച്ചമായ വില ലഭിക്കുന്നുണ്ട്. ഇത്തവണയും ആ സ്ഥിതിയിൽനിന്നു വ്യത്യസ്തമായി വരാൻ പാടില്ല. കശുവണ്ടിക്ക് ഇന്ന് അന്തർദേശീയ മാർക്കറ്റിൽ ഉള്ള വിലയുടെ പൂർണ്ണമായ പ്രയോജനം കർഷകർക്ക് ലഭിക്കുവാൻ പ്രത്യേകിച്ച് കാപ്പെക്സും കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനും സഹകരണസംഘങ്ങളിലൂടെ കശുവണ്ടി സംഭരിക്കാനുള്ള സംരംഭം ഏർപ്പെടുത്തണം. കശുവണ്ടി കർഷകന്റെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ ഈ ഗവൺമെന്റ് ശ്രദ്ധിക്കണം.

ശ്രീ. ഇ. അഹമ്മദ്: സ്വതന്ത്ര വിപണിയിൽ മൽസരിക്കുമെന്ന ഗവൺമെന്റിന്റെ തീരുമാനത്തെ തുടർന്ന്, കശുവണ്ടി പരിപ്പിന് ഇപ്പോൾ അന്താരാഷ്ട്ര വിപണിയിൽ മൂന്നര ഡോളറോളം വിലയുണ്ട്. വരുന്ന സീസണിലും തോട്ടണ്ടിക്ക് വളരെ നല്ല വില കിട്ടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം തോട്ടണ്ടിക്ക് നല്ല വിലയായിരുന്നു. അതുകൊണ്ട് ഈ വർഷവും ഇതേ നയം തുടരുന്നതും, തോട്ടണ്ടിക്ക് ഈ വർഷവും കൂടുതൽ വില കിട്ടുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.

(8) ശിവഗിരിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇന്ന് ശിവഗിരിയിലെ തീർത്ഥാടന പരിപാടികൾ ആരംഭിക്കുകയാണ്. അവിടെ പതിനായിരക്കണക്കിന് ആളുകൾക്ക് കുടിവെള്ളം കിട്ടാത്ത ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ പ്രധാന പരികർമ്മിയാണല്ലോ. അതുകൊണ്ട് ഞാൻ പറയുന്നത് വർക്കല മുനിസിപ്പൽ പട്ടണ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ്. ഇന്ന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ അവിടെ ഒരു കുഴൽ കിണർ കണ്ടുപിടിച്ചു. 1,75,000ഓളം ഗ്യാലൻ വെള്ളം കിട്ടുന്ന ഒരു കുഴൽ കിണറാണിത്. അതിന് സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly